**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 363** **02-07-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതിക്കാരുടെ ക്ഷേമത്തിനായുള്ള പൂൾഡ് ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതിക്കാരുടെ ക്ഷേമത്തിനായി വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, ഏജൻസികൾ എന്നിവ മുഖേന പ്രത്യേക പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള പൂൾഡ് ഫണ്ടിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ; | (എ) | പട്ടികജാതി വിഭാഗക്കാരുടെ ഉന്നമനത്തിനും വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, ഏജൻസികൾ എന്നിവ മുഖേന ബന്ധപ്പെട്ട വകുപ്പുകളുടെ കൂടി വിഹിതം ഉൾപ്പെടുത്തി സമർപ്പിക്കുന്ന പദ്ധതികളാണ് പൂൾഡ് ഫണ്ടിൽ നടപ്പിലാക്കുന്നത് . നിലവിൽ 3 പദ്ധതികളാണ് നടന്നുവരുന്നത് . വിശദാംശങ്ങൾ **അനുബന്ധം 1** ആയി ചേർത്തിരിക്കുന്നു . |
| (ബി) | പൂൾഡ് ഫണ്ടിൽ ഉൾപ്പെടുത്തി വിവിധ വകുപ്പുകളും ഏജൻസികളും തയ്യാറാക്കി നൽകിയ പ്രോജക്ടുകളിൽ ഇനി എത്ര എണ്ണത്തിന് അംഗീകാരം നൽകാനുണ്ടെന്ന് അറിയിക്കുമോ; | (ബി) | പൂൾഡ് ഫണ്ടിൽ ഉൾപ്പെടുത്തി അംഗീകാരം നൽകുന്നതിന് നിലവിൽ പ്രൊപ്പോസലുകളൊന്നും അവശേഷിക്കുന്നില്ല . |
| (സി) | ഈ സർക്കാർ വന്നതിനുശേഷം പൂൾഡ് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നതിലെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ഈ സർക്കാർ വന്നതിനുശേഷം പൂൾഡ് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നതിലെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

## പൂൾഡ് ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾ

**1. വയനാട് ജില്ലയിലെ മണ്ണാത്തിക്കുണ്ട് മണ്ണ് ജല സംരക്ഷണ പ്രവൃത്തി**

വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ മേപ്പാടി ഗ്രാമപഞ്ചായത്തിലെ മണ്ണാത്തിക്കുണ്ട് പട്ടികജാതി നഗറിലെ മണ്ണ്, ജല സംരക്ഷണ പ്രവൃത്തികൾക്ക് 50,80,595/-(അൻപത് ലക്ഷത്തി എൺപതിനായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റിയഞ്ച് രൂപ മാത്രം) രൂപയുടെ പ്രൊപ്പോസൽ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടർ സമർപ്പിക്കുകയും ഇതിൽ വകുപ്പ് വിഹിതമായ 40,64,476/- (നാല്പത് ലക്ഷത്തി അറുപത്തി നാലായിരത്തി നാന്നൂറ്റി എഴുപത്തിയാറു രൂപ മാത്രം) രൂപ അനുവദിക്കുന്നതിന് ഭരണാനുമതി നൽകിയതിൻ പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം 19 ലക്ഷം രൂപ വയനാട് സോയിൽ കൺസർവേഷൻ ഓഫീസർക്ക് ഈ പദ്ധതിയ്ക്കായി അനുവദിച്ച് നൽകിയിരുന്നു. ഈ സാമ്പത്തിക വർഷം 50 ലക്ഷം രൂപ വകുപ്പിന്റെ പൂൾഡ് ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട്. നിലവിൽ ലഭ്യമായിട്ടുള്ള റിലീസ് തുകയിൽ നിന്നും 8 ലക്ഷം രൂപ വയനാട് സോയിൽ കൺസർവേഷൻ ഓഫീസർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ശേഷിക്കുന്ന തുക 13,64,476/- (പതിമൂന്ന് ലക്ഷത്തി അറുപത്തി നാലായിരത്തി നാന്നൂറ്റി എഴുപത്തിയാറു രൂപ മാത്രം) രൂപ റിലീസ് ലഭ്യമാകുന്ന മുറയ്ക്ക് അനുവദിച്ചു നൽകുന്നതാണ്.

**2. പട്ടികജാതി വിഭാഗക്കാരുടെ പരമ്പരാഗത തൊഴിൽ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി**

പട്ടികജാതി വിഭാഗക്കാരുടെ പരമ്പരാഗത തൊഴിൽ പുനരുജ്ജീവിപ്പിക്കുന്നതിന് കേരള കരകൗശല വികസന കോർപ്പറേഷൻ സമർപ്പിച്ച 30 ലക്ഷം രൂപയുടെ പ്രൊപ്പോസലിന് 2023-24 സാമ്പത്തിക വർഷം ഭരണാനുമതി നൽകുകയും ഇതിൽ വകുപ്പിന്റെ വിഹിതമായ 27,00,000/- (ഇരുപത്തിയേഴ് ലക്ഷം രൂപ മാത്രം) രൂപയിൽ ഒന്നാം ഗഡുവായി 5,40,000/- (അഞ്ച് ലക്ഷത്തി നാൽപ്പതിനായിരം രൂപ മാത്രം) രൂപ കരകൗശല വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 21,60,000/- (ഇരുപത്തിയൊന്ന് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) രൂപ MoU വ്യവസ്ഥകൾ പ്രകാരം നടപ്പുവർഷം കേരള കരകൗശല വികസന കോർപ്പറേഷന് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**3. ASAP (Additional Skill Acquisition Programme) എന്ന സ്ഥാപനത്തിന് കീഴിലുള്ള Centre for Excellence കേന്ദ്രങ്ങളിൽ EV Lab Components and IT Lab സജ്ജീകരിക്കുന്ന പദ്ധതി**

സംസ്ഥാനത്തെ സ്കിൽ ട്രെയിനിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന ASAP (Additional Skill Acquisition Programme) എന്ന സ്ഥാപനത്തിന് കീഴിൽ Community skill park എന്ന പേരിൽ ആരംഭിക്കുന്ന രണ്ട് Centre for Excellence പരിശീലന കേന്ദ്രങ്ങളിൽ (പത്തനംതിട്ട ജില്ലയിലെ കുന്നന്താനത്തും, മലപ്പുറം ജില്ലയിലെ തവനൂരും) EV Lab components and IT Lab സജ്ജീകരിക്കുന്നതിനായി വകുപ്പിന്റെ വിഹിതമായി 67,89,800/- (അറുപത്തിയേഴ് ലക്ഷത്തി എൺപത്തിയൊൻപ തിനായിരത്തി എണ്ണൂറു രൂപ മാത്രം) രൂപ നൽകുന്നതിന് ഭരണാനുമതി ലഭിയ്ക്കുകയും 54,31,840/- (അൻപത്തിനാല് ലക്ഷത്തി മുപ്പത്തിയൊന്നായിരത്തി എണ്ണൂറ്റി നാൽപ്പത് രൂപ മാത്രം) രൂപ ASAPന് 2021-22 സാമ്പത്തിക വർഷം അനുവദിച്ച് നൽകുകയും ചെയ്തിരുന്നു. ഈ പദ്ധതി പൂർത്തീകരിച്ചതിനാൽ ശേഷിക്കുന്ന 13,57,960/- (പതിമൂന്ന് ലക്ഷത്തി അമ്പത്തിയേഴായിരത്തി തൊള്ളായിരത്തി അറുപത് രൂപ മാത്രം) രൂപ ASAP-ന് നൽകുന്നതിന് കഴിഞ്ഞ സാമ്പത്തിക വർഷം ഉത്തരവ് പുറപ്പെടുവിച്ചിരുന്നെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം തുക മാറി നൽകുന്നതിന് കഴിഞ്ഞിരുന്നില്ല. നടപ്പു വർഷം ഈ തുക അനുവദിക്കുന്നതിന് ഭരണാനുമതി ഉത്തരവ് പുതുക്കി ലഭ്യമാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള ശിപാർശ സർക്കാർ പരിശോധിച്ച് വരുന്നു. ഉത്തരവ് റീവാലിഡേറ്റ് ചെയ്ത് നൽകുന്ന മുറക്ക് ഈ സാമ്പത്തികവർഷം ശേഷിക്കുന്ന തുക മാറി നൽകുന്നതാണ്.